**ക്രമപ്രശ്നം**

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മാർച്ച് മാസം 14-ാം തീയതിയാണ് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് റിപ്പോർട്ടർ ചാനലിൽ ഒരഭിമുഖം നൽകിക്കൊണ്ട് നമ്മുടെ നിയമസഭയിൽ മുൻപ് അംഗമായിരുന്ന ടി. വി. തോമസ്, ശ്രീമതി ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ.ബി. ഗണേഷ് കുമാർ എന്നിവർക്കെതിരായി തെറിയഭിഷേകം നടത്തിക്കൊണ്ടുള്ള അഭിപ്രായ പ്രകടനങ്ങൾ പുറത്തുവന്നത്. നിയമസഭയുടെ നടപടിക്രമമനുസരിച്ച്, നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിലെ 50-ാം വകുപ്പനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇടപെടാൻ കഴിയുന്ന കാര്യമാണ്. നിയമസഭാംഗങ്ങൾ അങ്ങേയറ്റം അന്തസ്സ് പാലിച്ച് പ്രവർത്തിക്കണമെന്ന് ശക്ധർ ആന്റ് കൗൾ -ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞാനത് വിശദമായി പറയുന്നില്ല. In order to maintain the highest traditions in parliamentary life, members of Parliament are expected to observe a certain standard of conduct, both inside the House as well as outside it. അങ്ങേയ്ക്ക് എഴുതിത്തന്ന കത്തിൽ ഇക്കാര്യം ഞാൻ പരാമർശിച്ചിട്ടുണ്ട്. ശക്ധർ ആന്റ് കൗൾ പറഞ്ഞതിനെ ശക്തിപ്പെടുത്തുന്ന വിധത്തിലാണ് റൂൾസ് ഓഫ് പ്രൊസീഡ്യുവർ തയ്യാറാക്കിയട്ടുള്ളത്. അതുപ്രകാരം ഇങ്ങനെ ചെയ്തുകഴിഞ്ഞാൽ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് അധികാരമുണ്ട്. ഏതെല്ലാം തരത്തിൽ ശിക്ഷിക്കാം എന്ന് ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറിന് ഒരംഗത്തെ സഭയിൽ നിന്ന് പിൻവലിക്കാം, സസ്പെൻഷൻ നടപടി സ്വീകരിക്കാം. അതി

ലുപരി എന്തെങ്കിലും ചെയ്യണമെങ്കിൽ സഭ തീരുമാനിക്കണം എന്നുമാത്രമേ യുള്ളൂ. ഈ നടപടികളൊക്കെ സ്പീക്കർക്ക് സ്വമേധയാ സ്വീകരിക്കാൻ സാധിക്കുന്ന അധികാരമുണ്ടായിട്ടും അങ്ങ് എന്തുകൊണ്ടാണ് നോക്കിനി ല്ക്കുന്നത്? ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് മന്ത്രി പദവിയുള്ള ഒരാളാണ്. സാധാരണ ഒരാളല്ല. ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിക്ക് മുകളിലാണോ; സൂപ്പർ ചീഫ് മിനിസ്റ്ററാണോ എന്ന സംശയം സംസ്ഥാനത്തു ണ്ടായിട്ടുണ്ട്. ആർക്കും നിയന്ത്രിക്കാൻ സാധിക്കാത്ത സ്ഥിതി എങ്ങനെയു ണ്ടായി; ഇത് സംബന്ധിച്ചാണ് ഇവിടെ ഇടപെടേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിസ്സഹായത പ്രകടിപ്പിച്ചുകഴിഞ്ഞു. ഞാൻ എന്തുചെയ്യാനാണ്; പറയേണ്ടതൊക്കെ പറഞ്ഞു, ആരെയാണ് നിയന്ത്രിക്കേണ്ടത്; ശ്രീ. പി.സി. ജോർജ്ജിനെയാണോ നിയന്ത്രിക്കേണ്ടത് എന്നൊക്കെയാണ് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർപോലും പരസ്യമായി ചോദിക്കുന്നത്. ഇങ്ങ നെ വന്നുകഴിഞ്ഞാൽ എന്തുചെയ്യും? ഈ പരാക്രമത്തിൽനിന്നും നമുക്ക് രക്ഷ വേണ്ടേ? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് ഇതിനൊരു തീരുമാനമുണ്ടാക്കണം. അങ്ങ് മാതൃകാപരമായ നടപടി സ്വീകരിക്കുമെ ന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ അങ്ങും കത്ത് നൽകിയിരുന്നു. അങ്ങേയ്ക്ക് പറയാനുള്ളത് നേരത്തെ പറഞ്ഞിരുന്നു.

**<u>ക്രമപ്രശ്നം</u>**

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഇക്കഴിഞ്ഞ മാർച്ച് 15-ാം തീയതി, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തൊട്ടുമുമ്പ് സഭയിൽ ചില പ്രക്ഷുബ്ധ രംഗ ങ്ങളുണ്ടായി. ശ്രീ. പി.സി.ജോർജുമായി ബന്ധപ്പെട്ട ചില വിഷയങ്ങളായിരു

ന്നു. പ്രതിപക്ഷാംഗമായ ശ്രീ. വി.എസ്. സുനിൽ കുമാർ ബഹളത്തിനിടയിൽ ആക്രോശിച്ചുകൊണ്ട് ട്രഷറി ബെഞ്ചുകൾക്കുനേരെ തിരിഞ്ഞ് അദ്ദേഹത്തിന്റെ ചെരുപ്പ് ഊരി ആംഗ്യം കാണിക്കുന്നത് ലോകത്ത് എല്ലാവരും കണ്ടു. കാരണം ആ സമയം ചാനലുകളുണ്ടായിരുന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട അങ്ങും ഈ സഭയിലെ മുഴുവൻ അംഗങ്ങളും കണ്ടതാണ്. അത് സഭാ ചട്ടങ്ങളനുസരിച്ച് സഭയ്ക്കകത്ത് അംഗങ്ങൾ എങ്ങനെ പെരുമാറണമെന്ന് 'Code of conduct for members inside the House'-ൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനകത്ത് ഒരു ഭാഗത്തും ഇത്തരം കാര്യങ്ങൾ ചെയ്യാമെന്ന് പറഞ്ഞിട്ടില്ല. അപ്പോൾ ഇത് സഭയുടെ അന്തസ്സ് കെടുത്തുന്ന രീതിയിൽ, ഒരുപക്ഷെ സഭയുടെ ചരിത്രത്തിൽ ഇന്നുവരെ ആരും കണ്ടിട്ടുപോലുമില്ലാത്ത, പറഞ്ഞുപോലും കേൾക്കാത്ത വളരെ ഗുരുതരമായ പെരുമാറ്റച്ചട്ട ലംഘനമാണ് ഇവിടെ നടന്നിരിക്കുന്നത്. അതിന്റെ പേരിൽ അങ്ങേയ്ക്ക് ഞാൻ കത്ത് നൽകിയിട്ടുണ്ട്. അതിന്റെ പേരിൽ ചട്ടം അനുശാസിക്കുന്ന രീതിയിലുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഈ വിഷയം കഴിഞ്ഞ ദിവസം വന്നതാണ്. അതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് എനിക്ക് കത്ത് നൽകിയിരുന്നു. ശ്രീ. സി. ദിവാകരൻ കത്ത് തരിക മാത്രമല്ല എന്നോട് സംസാരിച്ചിരുന്നു. അതിന് ശേഷമുണ്ടായ സംഭവത്തിലാണ് ശ്രീ. ജോസഫ് വാഴക്കൻ കത്ത് നൽകിയത്. ഇവിടെ ശക്ധർ ആന്റ് കൗളിനെക്കുറിച്ച് അങ്ങ് ഉദ്ധരിച്ചതൊക്കെ ശരിയാണ്. ഒരംഗത്തിനെ നീക്കം ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള അധികാരം സ്പീക്കർക്കുണ്ടോ എന്നതുസംബന്ധിച്ച ഡിബേറ്റ്സിലേയ്ക്ക്

ഞാൻ പോകുന്നില്ല. സഭയുടെ അന്തസ്സ് നിലനിർത്തുന്നതിനും സഭാംഗങ്ങ ളുടെ അന്തസ്സ് നിലനിർത്തുന്നതിനും ജനാധിപത്യത്തിന്റെ അന്തസ്സ് നില നിർത്തുന്നതിനും അതോടൊപ്പംതന്നെ പൊതുജനമധ്യത്തിൽ ജനപ്രതിനിധിക ൾക്കുണ്ടാകേണ്ട നിലവാരം കാത്തുസൂക്ഷിക്കുന്നതിനും ഒരു സഭയ്ക്കുള്ളിൽ ചെയറിന് എന്ത് ചെയ്യാൻ കഴിയും; ചെയറിന്റെ ശക്തി സഭയും സഭാംഗങ്ങ ളുമാണ്. അതിന് അതിന്റേതായ പരിമിതികളുണ്ട്. പരിമിതികൾക്കൊപ്പം തീർച്ചയായും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുമുണ്ട്. വളരെ സൂക്ഷ്മമായിട്ട് നമ്മുടെ കീഴ്വഴക്കങ്ങൾ, അതോടൊപ്പംതന്നെ ശക്ധർ ആന്റ് കൗൾ പോലുള്ള കാര്യങ്ങളെല്ലാം നോക്കി. ശ്രീ. കോടിയേരി ബാലകൃഷ്ണന് പറ യാനുള്ള കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ശ്രീ. സി. ദിവാകരനും ശ്രീ. ജോസഫ് വാഴക്കനും അവർക്ക് പറയാനുള്ളത് എഴുതിത്തന്നു. ഞാൻ ഒരു കാര്യം പറയാം. ഇത് രണ്ടും രണ്ട് കാര്യങ്ങൾ തന്നെയാണ്. നമുക്ക് ഇതിൽ സ്വയം തീരുമാനിക്കേണ്ട ചില കാര്യങ്ങളുണ്ട്. സ്വയം നിയന്ത്രണം വേണം. അതോടൊപ്പം തന്നെ എല്ലാ ആളുകളും ഒറ്റയ്ക്കല്ല. എല്ലാവരും ഏതെങ്കിലും ഒരു പാർട്ടിയിൽപ്പെട്ട ആളുകളാണ്. അപ്പോൾ പാർട്ടിയുടെ കാഴ്ചപ്പാടിന് വിധേയമാകണം. സ്വാഭാവികമായും ജനാധിപത്യ സംവിധാനത്തിൽ പാർട്ടി, പാർട്ടിയുടെ സംവിധാനമെന്നുപറയുമ്പോൾ പാർട്ടി ലീഡർഷിപ്പ് എല്ലാമുള്ള താണ്. ഇതെല്ലാം ഇവിടെ പറയേണ്ടതാണോ എന്നെനിക്കറിയില്ല. അപ്പോൾ അതിനൊക്കെ വിധേയമായിട്ടാണ് ജനാധിപത്യ സംവിധാനത്തിൽ, ഇന്ത്യയുടെ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ പ്രവർത്തിക്കുന്നത്. അത് നിങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമാണ്. അതിനപ്പുറം ലോക്സഭാ സ്പീക്കറോ, രാജ്യസഭയുടെ അദ്ധ്യക്ഷനായ വൈസ് പ്രസിഡന്റിനോ ഒരു സഭയിലെ സ്പീക്കർക്കോ എവിടെവരെ പോകാം എന്നുള്ളതിന് നമ്മുടെ

മുമ്പിൽ ധാരാളം ഉദാഹരണങ്ങളുണ്ട്. എനിക്ക് പറയാനുള്ളത് ഞാൻ വായിക്കാം.

**റൂളിംഗ്**

ചീഫ് വിപ്പ് ശ്രീ. പി.സി.ജോർജ് സഭയ്ക്ക് പുറത്തു നടത്തിയ ചില പരാമർശങ്ങൾ ഒരു ചാനൽ ഒളിക്യാമറയിൽ പകർത്തി 14-03-2013-ൽ സംപ്രേഷണം ചെയ്തിരുന്നു. അതിൽ അദ്ദേഹം ചില രാഷ്ട്രീയ നേതാക്കളെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ പ്രസ്തുത ദിവസം ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ചയ്ക്ക് വരികയും മോശമായ പരാമർശങ്ങൾ നടത്തിയതിൽ ശ്രീ. പി.സി. ജോർജ് ക്ഷമ ചോദിക്കുകയും ചെയ്തിരുന്നു. മാർച്ച് 15 -ാം തീയതി ഈ വിഷയം ബഡ്ജറ്റ് അവതരണ വേളയിൽ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും സഭയിൽ ഉന്നയിക്കുകയും ശ്രീ. പി.സി ജോർജ് സഭയിൽ നടത്തിയ ഖേദപ്രകടനം അംഗീകരിക്കുന്നില്ലെന്നും അദ്ദേഹത്തിനെതിരെ സഭാംഗങ്ങളുടെ പെരുമാറ്റ ചട്ടത്തിന്റെ ലംഘനത്തിന് നടപടി എടുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ചട്ടം പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാമെന്ന് ചെയർ സഭയ്ക്ക് ഉറപ്പ് നല്കിയിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സി. ദിവാകരൻ എന്നിവർ കഴിഞ്ഞ ദിവസം രേഖാമൂലം തന്നെ ചെയറിന് പരാതിയും നല്കിയിട്ടുണ്ട്.

ഭരണഘടനയുടെ അനുച്ഛേദം 194 നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും പ്രത്യേക അധികാരങ്ങളും വിശേഷാവകാശങ്ങളും നല്കിയിട്ടുണ്ട്. സഭയ്ക്കുള്ളിലെ സംസാര സ്വാതന്ത്ര്യമാണ് അതിൽ ഏറ്റവും മഹത്തരവും പ്രധാനവുമായിട്ടുള്ളത്. സഭാംഗങ്ങൾക്ക് ഭരണഘടനാനുസൃതമായി ലഭിച്ചിട്ടുള്ള ഈ പരമമായ അവകാശം അവരെ മറ്റുള്ളവരിൽ നിന്നും

വ്യത്യസ്തരാക്കുകയും അതുവഴി കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറുന്നതിനും സംസാരിക്കുന്നതിനും അവരെ ബാധ്യസ്ഥരാക്കുകയും ചെയ്യുന്നുവെന്ന് ചെയർ വിശ്വസിക്കുന്നു. സഭയ്ക്ക് പുറത്തുള്ള സംസാരത്തിന് അംഗങ്ങൾക്ക് പ്രത്യേക പരിരക്ഷ ഒന്നുമില്ല.

സഭയ്ക്കുള്ളിൽ സംസാരിക്കുമ്പോൾ ഒരംഗം എപ്രകാരം പെരുമാറണമെന്ന് അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 5 -ൽ വ്യക്തമാക്കിയിട്ടുണ്ട്. രാജ്യദ്രോഹപരമോ, പ്രക്ഷോഭാത്മകമോ, അപകീർത്തികരമോ ആയ വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്നും, സഭായോഗ്യമല്ലാത്ത വാക്കുകൾ പ്രയോഗിക്കുന്നതിൽ നിന്നും അംഗത്തെ വിലക്കിയിട്ടുണ്ട്. സഭയ്ക്ക് പുറത്തുള്ള അംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളും പൊതുസാദാചാര തത്വങ്ങളും 33 മുതൽ 50 വരെയുള്ള ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സാമാജികർ തങ്ങളുടെ സ്ഥാനം ജനങ്ങളുടെ പൊതുനന്മ വളർത്തുന്നതിന് ഉപയോഗിക്കണമെന്നും അംഗങ്ങൾ പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സാന്മാർഗ്ഗികതയും, അന്തസ്സും, മര്യാദയും, മൂല്യങ്ങളും നിലനിർത്തണമെന്നും ചട്ടം 50 വ്യക്തമായി നിഷ്കർഷിക്കുന്നുണ്ട്.

P 18-03-2013

SI – JG- 2 - 11.50 – 12

'എത്തിക്സ് കമ്മിറ്റി ഓഫ് രാജ്യസഭ' എന്ന പുസ്തകത്തിലെ ഒരു ഭാഗം ഈ സന്ദർഭത്തിൽ പ്രസക്തമാണെന്ന് ചെയർ കരുതുന്നു. "That there has been general erosion of moral values in all walks of life cannot be denied. Role of people's representatives, who are largely responsible for

guiding the system in such a situation, therefore, becomes very critical. Members of Parliament/Legislatures as people's representatives, are looked at by the people as their role models and the ones who are guiding their destiny, have, therefore, to be beyond the realm of any kind of suspicion. By and large, the ideological base and the spirit of service which should activate most of them is getting eroded and the kind of elements who are trying to influence the political parties and the political system at large, make everybody think as to how probity in the entire system could be ensured."

നിയമസഭാ സാമാജികർ വാക്കിലും പ്രവൃത്തിയിലും എപ്പോഴും ഉന്നത നിലവാരം പുലർത്താൻ ബാധ്യസ്ഥരാണ്. അതിന് മങ്ങലേൽപ്പിക്കുന്ന കാര്യങ്ങൾ ഉണ്ടാകുന്നത് അത്യന്തം വേദനാജനകവും അംഗങ്ങളുടെയും അതിലൂടെ സഭയുടെ അന്തസ്സിനെ ഹനിക്കുന്നതുമാണ്. ജനാധിപത്യ സ്ഥാപനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസമാണ് പ്രസ്തുത സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായിട്ടുള്ള കാര്യം. പ്രസ്തുത വിശ്വാസത്തിന് കോട്ടം തട്ടുന്നത് ജനാധിപത്യസ്ഥാപനങ്ങളുടെ ആണിക്കല്ലിന് ഇളക്കമുണ്ടാക്കുമെന്ന കാര്യത്തിൽ ചെയറിനും സംശയമില്ല. നിങ്ങൾക്കും സംശയമുണ്ടാകേണ്ട കാര്യമില്ലെന്ന് ഞാൻ കരുതുന്നു. ശ്രീ. പി.സി. ജോർജിന്റെ സഭയ്ക്ക് പുറത്തുള്ള ചില പ്രസംഗങ്ങൾ പെരുമാറ്റച്ചട്ടലംഘനമാണെന്ന ആക്ഷേപം ഈ സഭയിൽ തന്നെ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. പ്രസ്തുത സന്ദർഭങ്ങളിലെല്ലാം അദ്ദേഹം ക്ഷമ ചോദിക്കുകയും സഭ അത് അംഗീകരി

ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രാവശ്യം സർവ്വാദരണീയരായിട്ടുള്ള ചില വ്യക്തികളെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ സഭ്യതയുടെ എല്ലാ സീമകളും ലംഘിക്കുന്നതാണെന്നാണ് പൊതുവെ ഉയർന്നുവന്ന ആക്ഷേപം. സഭയിലെ അംഗങ്ങളുടെ പെരുമാറ്റച്ചട്ട ലംഘനമായി ആരോപിക്കുന്ന കേസ്സുകൾ പരിശോധിക്കുന്നതിനും അംഗങ്ങളുടെ സഭയ്ക്ക് അകത്തും പുറത്തുമുള്ള അധാർമ്മികവും സദാചാര വിരുദ്ധവുമായ നടപടികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതിക്ക് അധികാരമുണ്ട്. അതിനാൽ 15-03-2013-ൽ സഭയിൽ ശ്രീ. പി.സി. ജോർജിനെതിരെ ഉന്നയിച്ച പ്രശ്നവും ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി നിയമസഭാ നടപടിചട്ടം 250(2), 250(3) സി എന്നീ ചട്ടപ്രകാരം പ്രസ്തുത സമിതിക്ക് ചെയർ അയയ്ക്കുന്നു. 15-03-2013-ൽ ശ്രീ. പി.സി. ജോർജിനെതിരെയുള്ള പ്രശ്നം സഭയിൽ ഉന്നയിച്ച വേളയിൽ ശ്രീ. വി.എസ്. സുനിൽകുമാർ ചെരുപ്പ് കയ്യിലെടുത്ത് ഭരണപക്ഷ അംഗങ്ങൾക്ക് നേരെ എറിയുന്നതിന് തുനിഞ്ഞു എന്ന ഒരു പരാതി ശ്രീ. ജോസഫ് വാഴക്കൻ ചെയറിന് നൽകിയിട്ടുണ്ട്. പ്രസ്തുത ദിവസത്തെ വീഡിയോ ദൃശ്യങ്ങൾ ചെയർ പരിശോധിച്ചു. ആരോപണം ശരിയാണെന്ന് ചെയറിന് ബോദ്ധ്യമായി. ഇത്തരം കാര്യങ്ങൾ സഭയ്ക്കുള്ളിൽ ഒരിക്കലും ആവർത്തിക്കുവാൻ പാടില്ലായെന്നുള്ളതാണ് സത്യം. ശ്രീ. വി.എസ്. സുനിൽകുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ ഈ അച്ചടക്കലംഘനത്തെ ചെയർ അപലപിക്കുകയും അദ്ദേഹത്തെ ശക്തമായി താക്കീത് ചെയ്യുകയും ചെയ്യുന്നു. സഭയുടെ അന്തസ്സിന് നിരക്കാത്ത ഇത്തരം പെരുമാറ്റം

അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാവുകയാണെങ്കിൽ കർശന നടപടികൾ സ്വീകരിക്കുവാൻ ചെയർ ബാധ്യസ്ഥനാവുമെന്ന് നിങ്ങളെ വിനയപുരസ്സരം അറിയിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇതൊരു പൊതു തത്വമാണ്. ഇവിടെ എല്ലാ അംഗങ്ങൾക്കും ബാധകമല്ല. കേരളം ആദരിക്കുന്ന രണ്ടു ആളുകളെ പരമവഷളായി പറഞ്ഞ ഒരു സംഭവം കേരള നിയമസഭയുടെ ചരിത്ര ത്തിലുണ്ടായിട്ടില്ല. ഒരു സ്പെസിഫിക്കായിട്ടുളള ഒരു സംഭവമുണ്ട്. അതിന് ബഹുമാനപ്പെട്ട ചെയർ പറയുന്നതെല്ലാം ഞങ്ങൾക്കും കൂടി ബാധകമായിട്ടു ളള കാര്യമാണ്. പക്ഷെ ഇവിടെ ശ്രീ. പി.സി. ജോർജ് സഖാവ് ടി.വി. തോമസിനെയും ശ്രീമതി ഗൗരിയമ്മയേയുംപറ്റി പറഞ്ഞ കാര്യങ്ങളാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. എല്ലാവരും ആ കാര്യത്തിൽ യോജിക്കും. അതിൽ മാപ്പു പറഞ്ഞിട്ട് കാര്യമില്ല. കാരണം എപ്പോഴും മാപ്പ് പറയുകയെന്നു ളളത് അദ്ദേഹത്തിന്റെ സ്ഥിരം ജോലിയാണ് ഇതെന്ന് സ്പീക്കറുടെ റൂളിംഗിലും പറഞ്ഞിട്ടുണ്ട്. ഇതിൽ മാപ്പല്ല, നടപടിയാണ് ആവശ്യം. ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ കാര്യത്തിൽ നിങ്ങൾ നടപടിയെടുത്തല്ലോ? ശ്രീ. വി.എസ്. സുനിൽകുമാറിന്റെ സംഭവമെന്താണ്? മുറിവേറ്റ ഞങ്ങൾ, കേരളത്തിലെ മുറിവാണിത്. 90 വയസ്സായ ശ്രീമതി ഗൗരിയമ്മയെക്കുറിച്ച് പറഞ്ഞ പദപ്രയോഗങ്ങൾ ഈ സഭയിൽ പറയാൻ നിവൃത്തിയില്ല. ടി. വി. തോമസിന്റെ സ്വകാര്യ കാര്യങ്ങളെക്കുറിച്ച് പറഞ്ഞ വാക്കുകൾ എനിക്ക് പറയാൻ നിവൃത്തിയില്ല. പക്ഷെ അതെല്ലാം പറഞ്ഞു. അത് പറഞ്ഞത് ഞാനും എല്ലാവരും കേട്ടതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ചെയർ ശ്രീ. വി.എസ്. സുനിൽകുമാറിനെ താക്കീത് ചെയ്തു. ബഹുമാനപ്പെട്ട ചെയറിന്റെ കാര്യങ്ങ

ളൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. ഈ കാര്യത്തിൽ എന്ത് നടപടിയെടുത്തു? ഏതോ ഒരു കമ്മിറ്റിക്ക് വിട്ടിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഇപ്പോൾ ഇവിടെ നടപടിയെടുക്കാൻ തെളിവും സാക്ഷികളും സംഭവങ്ങളും റിക്കോർഡുമുണ്ട്. വീഡിയോദൃശ്യം ഞങ്ങളെ കാണിക്കാം എന്ന് ചെയർ എപ്പോഴും പറയും. നിങ്ങൾ എപ്പോഴും പറയുമല്ലോ; ആ വീഡിയോ ദൃശ്യം കാണാൻ തയ്യാറുണ്ടോ? ഞങ്ങൾ അതിന് തയ്യാറാണ്. വീഡിയോ ഇടട്ടെ. ബഹുമാനപ്പെട്ട സ്പീക്കർക്ക് ബോധ്യമുണ്ടെങ്കിൽ സ്പീക്കർ നടപടിയെടുത്താൽ മതി. ഇവിടെ നടപടിയെടുക്കാൻ വകുപ്പുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്... ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇതൊരു പൊതുതത്വമാണെന്ന് പറഞ്ഞത് ശരിയാണ്. പക്ഷേ അത് പൊതുതത്വത്തിന്റെ പശ്ചാത്തലത്തിൽ പറഞ്ഞെങ്കിലും ഞാൻ പറയുന്ന വാക്കുകളുടെ എല്ലാ അർത്ഥവും അതിന്റെ ഉന്നവുമെല്ലാം ആ പറഞ്ഞ വ്യക്തിക്ക് നേരെതന്നെയാണ്. പൊതുവായിട്ടല്ല. അതിൽ ഒരു സംശയവും വേണ്ട. അങ്ങനെ വരില്ല. ഞാൻ പറഞ്ഞത് ഒന്നുകൂടി തെളിച്ച് പറയാം. ഇവിടെ ശ്രീ. പി. സി. ജോർജിനെക്കുറിച്ച് സഭയിൽ പരാമർശം വന്നപ്പോൾ അതുമായി ബന്ധപ്പെട്ട് ചെയർ പറഞ്ഞ കാര്യങ്ങൾ ശ്രീ. പി.സി. ജോർജുമായി ബന്ധപ്പെട്ട് തന്നെയാണ്. അല്ലാതെ അത് മറ്റൊരു അംഗത്തെയും ഉദ്ദേശിച്ചല്ല പറഞ്ഞത്. പിന്നെ ഏതോ ഒരു കമ്മിറ്റിയല്ല, ഇത്തരം സംഭവങ്ങൾ നടന്നാൽ, മറ്റ് നടപടികൾക്ക് മുതിരാൻ സ്പീക്കർക്ക് കഴിയില്ല. അതൊക്കെ വേറെ സംവിധാനം ചെയ്യേണ്ട കാര്യങ്ങളാണ്. സ്പീക്കർക്ക് ചെയ്യാൻ കഴിയുന്നത്, ഇത് ഏതോ കമ്മിറ്റിയൊന്നുമല്ല. പ്രിവിലേജ് ആന്റ് എത്തിക്സ് എന്ന കമ്മിറ്റി വളരെ സീരിയസ്സായ കമ്മിറ്റിയാണ്. എത്തിക്സ് കമ്മിറ്റി മുമ്പ് നമ്മുടെ കേരളത്തിലില്ലായി

രുന്നു. ഇപ്പോൾ അതുമുണ്ട്. ഇത് ഗൗരവമുള്ള കമ്മിറ്റി തന്നെയാണ്. അതിന് സംശയമൊന്നുമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ ഏറ്റവും ജുഗുപ്സാവഹമായ നിലയിൽ ശ്രീ. പി.സി. ജോർജ് നടത്തിയ പരാമർശത്തെ സംബന്ധിച്ച് നിയമസഭയ്ക്കകത്തും പുറത്തും എന്നുള്ള ഭേദമില്ലാതെ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ വളരെയധികം അഭിമാനാർഹമായ പങ്കുവഹിച്ചിട്ടുള്ള ആളുകളാണ് ടി.വി.തോമസും ശ്രീമതി ഗൗരിയമ്മയും. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ, അതിലൊരാൾ ഇന്ന് ജീവിച്ചിരിപ്പില്ല. അതുപോലെ ശ്രീമതി ഗൗരിയമ്മയ്ക്കാണെങ്കിൽ 95 വയസ്സായി. വയസ്സ് കൂടുന്നത് അവരുടെ കുറ്റമല്ല. വയസ്സ് കൂടുമ്പോൾ കിഴവിയാകും, പക്ഷേ ഈ തരത്തിലുള്ള അപഹാസ്യങ്ങൾ ഇതുപോലുള്ള നേതാക്കളെ സംബന്ധിച്ച് പരാമർശിക്കാൻ യാതൊരു ജാള്യതയുമില്ലാത്ത ആളായി ശ്രീ. പി.സി. ജോർജ് എങ്ങനെ മാറിയെന്നെനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ആളുകൾ അധഃപതിക്കുന്നതിന് പല രീതികളുണ്ട്. പക്ഷേ പാതാളത്തിലേയ്ക്ക് താഴത്തക്ക തരത്തിൽ അധഃപതിക്കുക എന്ന് പറയുന്നത് യാതൊരു തരത്തിലും ചിന്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ, കമ്മിറ്റിയെപ്പറ്റിയൊന്നും പറയണ്ട. ഞാനൊരു കാര്യം കമ്മിറ്റിക്ക് വിടാൻ അങ്ങയോട് ആവശ്യപ്പെട്ടതും അങ്ങ് അത് കമ്മിറ്റിക്ക് വിട്ടതിന്റേയുമൊക്കെ സ്ഥിതി എന്താണെന്നും എനിക്കറിയാം. അതുകൊണ്ട് കമ്മിറ്റിക്ക് വിടുമെന്ന് പറയുന്നത് ഉപേക്ഷിക്കുക. അങ്ങ് സ്വന്തമായി എടുക്കുന്ന ഏത് തീരുമാനവും ഞങ്ങൾ അംഗീകരിക്കും.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നിയമസഭയിലെ ഒരു കമ്മിറ്റിയും ദുർബ്ബലമാണെന്ന വാദം ഒരിക്കലും ഞാൻ അംഗീകരിക്കില്ല. അത് അംഗീകരിക്കാൻ സാധ്യമല്ല. ശ്രീ. വി.എസ്. സുനിൽകുമാർ അങ്ങയുടെ പരാമർശം കഴിഞ്ഞതല്ലേ?

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, കേരള നിയമസഭയിലെ ബഹുമാന്യനായ ചീഫ് വിപ്പ് നിയമസഭയ്ക്ക് പുറത്തും ഞങ്ങളുടെ പാർട്ടി യെക്കുറിച്ച് പറഞ്ഞു. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു സാധാരണ മെമ്പ റായ നിയമസഭാ സാമാജികനാണ്. ഞങ്ങളുടെ പാർട്ടിയുടെ ഏറ്റവും പ്രമുഖ നായ, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ബീജവാപം നൽകിയ, ഈ സംസ്ഥാനം പൂർണ്ണ മായി എല്ലാവരാലും അംഗീകരിക്കപ്പെടുന്ന രണ്ട് നേതാക്കന്മാരെപ്പറ്റി അങ്ങ് തന്നെ സൂചിപ്പിച്ചതുപോലെ സീമകളെല്ലാം ലംഘിച്ചുകൊണ്ടുള്ള പരാമർശ ങ്ങൾ നടത്തിയ ആ സന്ദർഭത്തിൽ അതിനെക്കുറിച്ചുള്ള ജനങ്ങളുടെ ധാർമ്മികമായ രോഷപ്രകടനം ഞാൻ ചെരിപ്പുയർത്തി കാണിച്ച് ചെയ്തുവെ ന്നുള്ളത് സത്യമാണ്. ഞാൻ അത് നിഷേധിക്കുന്നില്ല. ഇവിടെ അങ്ങ് പറഞ്ഞ തുപോലെ ട്രഷറി ബഞ്ചിന് നേരെയല്ല, ശ്രീ. പി.സി. ജോർജിന് നേരെയാണ് ഞാൻ എന്റെ പാദുകം ഉയർത്തി പ്രതിഷേധിച്ചത്. അത് നിയമസഭയുടെ ചട്ട ങ്ങൾക്കും അന്തസ്സിനും മോശമാണെങ്കിൽ എനിക്കതിൽ ഖേദമുണ്ട്. പക്ഷേ അദ്ദേഹം ചെയ്തിരിക്കുന്ന പ്രവൃത്തി ഒരിക്കലും ഈ സമൂഹം അംഗീകരിക്കു ന്നില്ല. അതിന്റെ ധാർമ്മികമായ രോഷപ്രകടനമാണ് ഞാൻ ഇവിടെ കാണിച്ച ത്. അങ്ങയുടെ ഏത് തീരുമാനവും ശിക്ഷയും ഏറ്റുവാങ്ങാൻ ഞാൻ ബാധ്യ സ്ഥനാണ്. പക്ഷെ, അങ്ങ് ഒരു കാര്യം കൂടി പറയണം. ഈ നിയമസഭയിൽ

കൃഷി വകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. കെ.പി. മോഹനൻ ചെരുപ്പോടുകൂടി മേശപ്പുറത്ത് കാലെടുത്ത് വച്ച് ഞങ്ങൾക്കെതിരെ ആക്രോശിച്ചതിനെതിരെ ഇങ്ങനെയൊരു നടപടിയുണ്ടായതായി എനിക്കറിയില്ല. അതുകൊണ്ട് ഞാൻ അങ്ങയുടെ തീരുമാനത്തെ, അങ്ങനെ നിർഭാഗ്യകരമായ ഒരു കാര്യമുണ്ടായത്, ഞാൻ ചെരുപ്പുയർത്തി കാണിച്ചത് തെറ്റാണെന്ന് അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുകയാണ്. അങ്ങനെ സഭയ്ക്കകത്ത് കാണിക്കേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ആ ഖേദം പ്രകടിപ്പിക്കാൻ എനിക്കൊരു മടിയുമില്ല. അതോടൊപ്പം അതിന്റെ പേരിൽ അങ്ങ് നൽകുന്ന ഏത് ശിക്ഷയും ഏറ്റുവാങ്ങാനും എനിക്ക് യാതൊരു മടിയുമില്ല. കാരണം കേരളം അംഗീകരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാരെക്കുറിച്ച് ഇത്തരം...... ശ്രീമതി സോണിയാഗാന്ധിയെക്കുറിച്ച് ഒരു പരാമർശമുണ്ടായപ്പോൾ ആ ബെഞ്ചിൽ നിന്നുള്ള ആക്രോശങ്ങളെല്ലാം കേട്ടതല്ലേ? ഒരു പാർട്ടി പ്രവർത്തകൻ എന്ന നിലയിലുള്ള എന്റെ ധാർമ്മികമായ പ്രതിഷേധം ഞാൻ പ്രകടിപ്പിച്ചിരിക്കുകയാണ്. ആ പ്രകടിപ്പിച്ചതിൽ അങ്ങ് നൽകിയ ശിക്ഷ ഞാൻ സർവ്വാത്മനാ ഏറ്റുവാങ്ങുകയാണ്.

മി. സ്പീക്കർ: ശ്രീ. വി.എസ്. സുനിൽ കുമാർ, ഇതൊരു ശിക്ഷയായി കാണേണ്ടതില്ല. ഇത്തരമൊരു സംഭവം നടന്നാൽ ചെയറിന് ഇങ്ങനെയൊരു പരാമർശം നടത്താതിരിക്കാൻ സാധ്യമല്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു പരാമർശം നടത്തിയത്.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട ചെയർ ഇവിടെ നടത്തിയ ഒരു പ്രസ്താവന, ഒരു ഗുരുതരമായ വിഷയം, യു.ഡി.എഫ്-ന്റെ മിക്കവാറും എല്ലാ പാർട്ടിക്കാരും തള്ളിക്കളഞ്ഞ ഏറ്റവും genuine ആയ കാര്യത്തെക്കു

റിച്ച് ബഹുമാനപ്പെട്ട ചെയർ ഒരു റൂളിംഗ് നൽകാതെ ചെരുപ്പ് ഉയർത്തിയതിന് വ്യക്തമായ താക്കീത് നൽകി. എന്നാൽ ശ്രീ. പി.സി. ജോർജിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്? ഈ വിഷയം എഥിക്സ് കമ്മിറ്റി പരിശോധിക്കട്ടെ. പക്ഷേ ഒരു പ്രധാനപ്പെട്ട കാര്യം കമ്മിറ്റിയിലേക്ക് വിട്ടിട്ട് അപ്രധാനമായ കാര്യത്തിന് അങ്ങിവിടെ താക്കീത് നൽകിയത് ശരിയല്ല, നീതിയല്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങ് തെറ്റിദ്ധരിച്ചിരിക്കുന്നു. ഇവിടെ ശ്രീ. പി.സി. ജോർജിന്റെ നേരത്തെയുള്ള പ്രസംഗങ്ങളുടെ കാര്യത്തിൽ ചെയർ അതിശക്തമായ മലയാള ഭാഷയിൽ അന്ന് താക്കീത് ചെയ്തിട്ടുണ്ട്. ഈ വിഷയം ഒരു കമ്മിറ്റിക്ക് വിടുന്നതുകൊണ്ടാണ് ഇന്ന് അങ്ങനെ ചെയ്യാതിരുന്നത്. ശ്രീ. വി.എസ്. സുനിൽ കുമാറിനെ താക്കീത് ചെയ്യുകയും മറ്റൊരാളെ ഒഴിവാക്കുകയും ചെയ്തു എന്ന അർത്ഥത്തിൽ എടുക്കരുത്. എഥിക്സ് കമ്മിറ്റി വന്നതിനുശേഷം നമ്മൾ വിടുന്ന ആദ്യത്തെ കേസ്സാണിത്. അത്തരമൊരു കമ്മിറ്റിയിലേക്ക് കേസ് മാറ്റിയതിനുശേഷം താക്കീത് നൽകുന്നതിന് അർത്ഥമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. ഒരിക്കലും അതിനെ തെറ്റിദ്ധരിക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമയപരിധിയില്ലാത്തതിനാൽ നിയമസഭാ കാലാവധി കഴിഞ്ഞാൽപ്പോലും പല കമ്മിറ്റികളും റിപ്പോർട്ട് ലഭ്യമാക്കാറില്ല. അതുകൊണ്ട് ഇത് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാനും ഇപ്പോൾ പ്രശ്നങ്ങൾ മാറ്റിവയ്ക്കാനും വേണ്ടിയാണെങ്കിൽ കമ്മിറ്റിക്ക് വിടുന്നതിൽ എന്താണ് പ്രസക്തി? അതുകൊണ്ട് ഇത് സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാകണം. ഈ നിയമസഭയുടെ കാലാവധി കഴിഞ്ഞ് റിപ്പോർട്ട് ലഭിച്ചിട്ട് എന്താണ് കാര്യം?

മി. സ്പീക്കർ: അങ്ങനെ നീണ്ടുപോകില്ല. റീസണബിളായ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കമ്മിറ്റി ചെയർമാനുമായി ആലോചിച്ച് സഭയെ അറിയിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവശ്യമില്ല. കാസറ്റ് പരിശോധിച്ചാൽ തീരുമാനിക്കാവുന്നതാണ്. ഒരാഴ്ചകൊണ്ട് ബഹുമാനപ്പെട്ട ചെയറിന് ഇത് സംബന്ധിച്ച തീരുമാനം സഭയെ അറിയിക്കാൻ സാധിക്കും.

മി. സ്പീക്കർ: ചെയ്യാം.

ശ്രീ. ജി. സുധാകരൻ: ഈ സഭയിലെഞാൻ ഒരു അംഗമെന്ന നിലയ്ക്ക് അഭിപ്രായം പറയുകയാണ്. ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ അങ്ങ് നൽകിയ ശിക്ഷ നിരുപാധികം അംഗീകരിക്കുകയും സഭയ്ക്ക് കീഴടങ്ങുകയും മാപ്പു പറയുകയും ചെയ്ത സാഹചര്യത്തിൽ ധാർമ്മികമായ വശം ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങ് നൽകിയ താക്കീത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഇന്ന് സഭ പിരിയുന്നതിനുമുമ്പ് ഇത് സംബന്ധിച്ച് സഭയെ അറിയിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സഭ നടത്തിക്കൊണ്ടുപോകുന്നതിന് ഞങ്ങൾ സഹകരിക്കാം. സഭ നടക്കണമെന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷേ, സ്പീക്കർ നൽകുന്ന എന്ത് ശിക്ഷയും സ്വീകരിക്കാമെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതുപോലെ ശ്രീ. പി.സി. ജോർജിന് പറയാൻ കഴിയുമോ?

ശ്രീ. വി.ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ബഹുമാന്യനായ

സ്പീക്കർ രൂപീകരിച്ച ഒരു കമ്മിറ്റിയെക്കുറിച്ച് പരാമർശം നടത്തുകയുണ്ടായി. ആ കമ്മിറ്റിയെക്കുറിച്ച് സംശയത്തിന് ഇടവരുത്തുന്ന രീതിയിലാണ് അദ്ദേഹം സംസാരിച്ചത്. ആ കമ്മിറ്റി റീസണബിളായ സമയമെടുത്ത് എല്ലാവരുടെയും മൊഴിയെടുത്ത് രേഖകൾ പരിശോധിച്ച് ഈ സഭയിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ കൂടുതൽ സമയമെടുത്തുവെന്നോ കുറഞ്ഞ സമയത്തിനുള്ളിൽ റിപ്പോർട്ട് തയ്യാറാക്കിയെന്നോ ഉള്ള പരാതി ഇതുവരെ ആരും ഉന്നയിച്ചിട്ടില്ല. അങ്ങ് നിയമിച്ച സഭാസമിതിയുടെ ചെയർമാൻ എന്ന നിലയിൽ എന്റെ കൂടെയുള്ള അംഗങ്ങളും ഞാനും ചേർന്ന് സഭയുടെ അന്തസ്സ് പാലിക്കുന്ന തരത്തിൽ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുകയുണ്ടായി. നിയമസഭാ കമ്മിറ്റിയെക്കുറിച്ച് ഇങ്ങനെയൊരു പരാമർശം നടത്തുന്നത് സഭയെക്കുറിച്ച് പരാമർശം നടത്തുന്നതിന് തുല്യമാണ്. നിയമസഭാ കമ്മിറ്റിക്ക് സഭയുടേതുപോലുള്ള പ്രിവിലേജുള്ളതാണ്. അത് അങ്ങ് പരിശോധിക്കണം. പ്രതിപക്ഷ നേതാവായതുകൊണ്ട് നീക്കം ചെയ്യണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ സഭാ കമ്മിറ്റിയെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് നടത്തിയ പരാമർശം ഓർഡറിലാണോ, ശരിയാണോ, സഭയുടെ അന്തസ്സ് പാലിക്കുന്നതാണോ എന്ന് അങ്ങ് പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ പ്രശ്നം ഉന്നയിച്ചതിനെത്തുടർന്ന് ശ്രീ. വി.ഡി സതീശൻ പറഞ്ഞതുസംബന്ധിച്ചാണ് ഞാൻ പറയുന്നത്. ആ കമ്മിറ്റിയുടെ ചെയർമാനോ കമ്മിറ്റിയോ ആ വിഷയത്തിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. വീഴ്ച വന്നത് എനിക്കാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ കാലതാമസം വന്നു. അത് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ ആ കമ്മിറ്റിയിലെ ഒരംഗമായിരുന്നു. ഞാനും മറ്റൊരംഗമായിരുന്ന ശ്രീ. എസ്. ശർമ്മയും ആ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചിട്ടില്ല. അത് തികച്ചും തെറ്റാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മി. സ്പീക്കർ: അത് വേറെ വിഷയമാണ്. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: യെസ് ...

ക്രമപ്രശ്നം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 141-ാം വകുപ്പനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ആഗ്രഹിക്കുന്നു. ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസത്തിനുശേഷം സ്പീക്കർ നിർദ്ദേശിക്കുന്ന ദിവസവും ഈ ആവശ്യത്തിലേക്ക് സ്പീക്കർ നീക്കിവയ്ക്കുന്ന സമയത്തും ബഡ്ജറ്റ് മുഴുവനായോ അതിൽപ്പെടുന്ന ഏതെങ്കിലും നയപ്രശ്നമോ ചർച്ച ചെയ്യാൻ സഭയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും എന്നാണ് ഇതിൽ പറയുന്നത്. ഇവിടെയുണ്ടായത് ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി 477 ഖണ്ഡികയുള്ള ബഡ്ജറ്റ് പ്രസംഗത്തിലെ 413-ാമത്തെ ഖണ്ഡിക സഭയിൽ വായിച്ചില്ല. അങ്ങനെ മുഴുവനും വായിക്കണമെന്ന് ചട്ടത്തിലില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞേയ്ക്കാം. അങ്ങനെയാണെങ്കിൽ, 'ഞാനിത് അവതരിപ്പിച്ചു എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് വായിച്ചതായി കണക്കാക്കണം' എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണമായിരുന്നു. ബഹുമാന്യനായ ഗവർണ്ണർ അങ്ങനെ ചെയ്യാറുണ്ട്.

സഭയുടെ മേശപ്പുറത്ത് വച്ചിട്ട് ബഹുമാന്യനായ മന്ത്രിക്ക് അങ്ങനെ പറയാമായിരുന്നു. ഈയൊരു ഖണ്ഡിക മാത്രം എന്തുകൊണ്ട് മന്ത്രി ഒഴിവാക്കി? ഇതൊരു നയപ്രശ്നമാണ്. മന്ത്രി പറയുന്നത് ആ സമയത്ത് അദ്ദേഹത്തിന് ഇടുപ്പിന് വേദന വന്നു എന്നാണ്. ഈ ഖണ്ഡിക വായിക്കുന്ന സമയത്തുമാത്രം എങ്ങനെ വേദന വന്നു?

<u>മി. സ്പീക്കർ</u>: ഞാൻ ഇടപെടുന്നതല്ല. ഒരു ഖണ്ഡിക മാത്രമല്ല വായിക്കാത്തത്, അത് അദ്ദേഹംപറയും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഖണ്ഡിക 413 ഒരു നയപ്രശ്നമാണ്. ആ നയപ്രശ്നം ഇവിടെ എന്തുകൊണ്ട് അവതിപ്പിച്ചില്ല. അങ്ങനെ വരുമ്പോൾ അത് ബഡ്ജറ്റിന്റെ ഭാഗമാണോ? ഇവിടെ പ്രസംഗിക്കാത്ത കാര്യം ബഡ്ജറ്റ് രേഖയായി അംഗീകരിക്കാൻ പാടില്ല. ഖണ്ഡിക 413 ഒഴിവാക്കിക്കൊണ്ട് മാത്രമേ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കാൻ പാടുള്ളൂ. അതിന് വിരുദ്ധമായി ചർച്ച ചെയ്യുന്നത് സഭയുടെ നടപടി ക്രമങ്ങൾക്ക് വിരുദ്ധമായിരിക്കും. തൊഴിലില്ലാത്ത യുവാക്കളെയും മറ്റുള്ളവരെയും ബാധിക്കുന്ന പ്രശ്നമായതുകൊണ്ടും സർക്കാർ ജീവനക്കാരെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ടും ബോധപൂർവം ബഹുമാനപ്പെട്ട മന്ത്രി ഒഴിവാക്കിയതാണ്. സാധാരണ ഗതിയിൽ അങ്ങനെ ഒഴിവാക്കുന്ന ആളല്ല അദ്ദേഹം. മൂന്ന് മണിക്കൂർ ബഡ്ജറ്റ് വായിച്ചപ്പോൾ ഇത് ഒരു മിനിട്ട് വായിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നോ? യഥാർത്ഥത്തിൽ ആ സമയം നോക്കി ഒഴിവാക്കിയതാണ്. പിന്നീട് പുറത്ത് പോയിട്ട് ഇങ്ങനെയുണ്ട് എന്ന് പറയുകയും ചെയ്തു. അത് നിയമസഭയോടുള്ള അവഹേളനമാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രി ചെയ്ത ഒരു തെറ്റാണ്. ഈയൊരു ഭാഗം ഒഴിവാക്കി

ക്കൊണ്ടുവേണം ഈ ചർച്ച മുന്നോട്ടുകൊണ്ടുപോകാനെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ 413-ാം ഖണ്ഡികയെ മാത്രം കേന്ദ്രീകരിച്ച് നടത്തിയ പ്രസ്താവനയുടെ ഉദ്ദേശശുദ്ധിയെ ഞാൻ മാനിക്കുന്നു. എനിക്ക് ദീർഘമായ പ്രസംഗത്തിനിട യിൽ ഒരു ശാരീരിക അസ്വാസ്ഥ്യം തോന്നുകയും പ്രതിപക്ഷവും അക്ഷമ പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ കുറേ പേജുകൾ ഞാൻ വായി ക്കാതെ വിട്ടു. 413-ാമത്തെ ഖണ്ഡിക മാത്രമല്ല, ട്രഷറി വകുപ്പ്, ലോട്ടറി വകുപ്പ്, ധനകാര്യവകുപ്പ് അങ്ങനെ പല ഖണ്ഡികൾ വായിക്കാതെ ഒഴി വാക്കി. അൽപ്പം താമസിച്ചുപോയെങ്കിലും വിട്ടുപോയ ഭാഗങ്ങൾ ഏതെല്ലാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്. അതുകൂടി പ്രൊസീഡ്യുവറിന്റെ ഭാഗമാക്കി ചെയ്യണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ലെറ്ററും കൊടുത്തിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറ ഞ്ഞതിന്റെ സ്പിരിറ്റ് ഞാൻ അംഗീകരിക്കുന്നു. അതിന്റെ ഡിഫക്ട് ക്യുവർ ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ഇതു സംബന്ധിച്ചുള്ള റൂളിംഗ് പറയാം. ഈ ഒരു പാരഗ്രാഫ് മാത്രമല്ല 51 പാരഗ്രാഫ് അദ്ദേഹം വായിക്കാതെ വിട്ടു. 36 പാരഗ്രാ ഫുകൾ ഭാഗീകമായി വായിച്ചിട്ടില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> മാർച്ച് 15-ാം തീയതി സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് ധനമന്ത്രി പ്രസംഗിച്ചപ്പോൾ പ്രിന്റ് ചെയ്തുനൽകിയ ബഡ്ജറ്റ് പ്രസംഗത്തിലെ പെൻഷൻ പ്രായം വർദ്ധന സംബന്ധിച്ച ഖണ്ഡിക ഒഴിവാക്കി പ്രസംഗിച്ചത് ക്രമവിരുദ്ധമാണെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

ഗവർണ്ണർ ഓരോ സാമ്പത്തിക വർഷം സംബന്ധിച്ചും "വാർഷിക ധന വിവരണ പത്രിക" സംസ്ഥാന നിയമസഭയിൽ സമർപ്പിക്കണമെന്നാണ് ഭരണഘടനയുടെ അനുച്ഛേദം 202(1) അനുശാസിക്കുന്നത്. നിയമസഭാ നടപടി ചട്ടം 139 അനുസരിച്ച് കേരള ഗവൺമെന്റിന്റെ ഓരോ സാമ്പത്തിക വർഷത്തേയും സംബന്ധിച്ച മതിപ്പ് വരവ് ചെലവുകളുടെ "വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്" (ബഡ്ജറ്റ്) ഗവർണ്ണർ നിശ്ചയിക്കുന്ന ദിവസം സഭയിൽ അവതരിപ്പിക്കേണ്ടതാണ്. സാധാരണഗതിയിൽ മേൽപ്പറഞ്ഞ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ധനകാര്യവകുപ്പുമന്ത്രിയുടെ ഒരു പ്രസംഗത്തോടുകൂടിയാണ് സഭയിൽ സമർപ്പിക്കുന്നത്. എന്നാൽ കേരള നിയമസഭയിൽത്തന്നെ വിശദമായ പ്രസംഗമില്ലാതെ ഇ.കെ. നായനാർ 1987-1988 ലെ ബഡ്ജറ്റ് 28.03.1987-ൽ സഭയിൽ സമർപ്പിച്ചതായും ശ്രീ. കെ. ശങ്കരനാരായണൻ 2003-2004-ലെ ബഡ്ജറ്റ് പ്രസംഗം 14.03.2003-ൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പൂർണ്ണമായും വായിക്കാതെ 10 മിനിട്ടിനുള്ളതിൽ പ്രസംഗം നിർത്തിയതായും രേഖകൾ കാണുന്നു. 2010 മാർച്ച് 5-ന് ഡോ. ടി.എം. തോമസ് ഐസകും 2011 ജൂലൈ 8, 2012 മാർച്ച് 19 എന്നീ തീയതികളിൽ ശ്രീ. കെ.എം. മാണിയും സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ച് നടത്തിയ പ്രസംഗം പ്രിന്റ്

ചെയ്തുനൽകിയ ബഡ്ജറ്റ് പ്രസംഗത്തിൽ നിന്നും ചില വ്യതിയാനങ്ങൾ വരുത്തിയതായും രേഖകളിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്.

ഭരണഘടന പ്രകാരം "വാർഷിക ധനവിവരണ പത്രിക"യാണ് സഭയിൽ സമർപ്പിക്കേണ്ടത്. അത് ഭരണഘടന അനുശാസിക്കുന്ന പ്രകാരം ധനകാര്യ വകുപ്പുമന്ത്രി അന്ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. തന്റെ പ്രസംഗം പൂർണ്ണമായി സഭയിൽ വായിക്കാതിരുന്നതിന്റെ വിശദീകരണം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നൽകിയിട്ടുമുണ്ട്. പ്രിന്റ് ചെയ്ത് സഭയിൽ വിതരണം ചെയ്ത പ്രസംഗം തന്റെ പ്രസംഗമായി അംഗീകരിക്കണമെന്ന അദ്ദേഹത്തിന്റെ അഭ്യർത്ഥനയും ചെയർ അംഗീകരിക്കുന്നു. പ്രിന്റ് ചെയ്ത് അംഗങ്ങൾക്ക് വിതരണം ചെയ്ത പ്രസംഗം നിയമസഭാ പ്രൊസീഡിംഗ്സിന്റെ ഭാഗമാക്കുന്നതാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം തള്ളുന്നു. ചർച്ച ആരംഭിക്കുന്നു.

(ചർച്ച)